Break the chain

വനിത
ശിശുവികസന
വകുപ്പ്

150 വർഷം
മഹാത്മാവിനെ ഇന്ത്യ
ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: : ശ്രീമതി.അനുപമ ടി.വി ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - തിരുവനന്തപുരം സ്വദേശി **ശ്രീനന്ദ്.ആർ എന്ന കുട്ടിക്ക്** - ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

**പരാമർശം:-** തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ:ഡി.സി.പി.ഒ/റ്റി/ഡി2/2468/21 തീയതി : 22.01.2021

================================================================================
====

## ഉത്തരവ് നമ്പർ : ICPS-4(A)/236/2022 തീയതി: 28.01.2022

================================================================================

തിരുവനന്തപുരം ജില്ലയിൽ പിരപ്പൻകോട്,വേളാവൂരിൽ നന്ദനം വിലാസത്തിൽ ശ്രീ.രാജേഷ്കുമാർ, ശ്രീമതി.മനുജ എന്നീ ദമ്പതികളുടെ മകനായ ശ്രീനന്ദ്.ആർ (17 വയസ്) എന്ന കുട്ടിക്ക് ജനനം മുതൽ കിഡ്നി സംബന്ധമായി ചിൽകിത്സയിലാണ് എന്നും 2019 ഒക്ടോബറിൽ കുട്ടിയെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് മാതാവായ മനുജയുടെ കിഡ്നി ശ്രീനന്ദിന് മാറ്റി വയ്ക്കുകയും നിലവിൽ തുടർ ചികിത്സയുടെ ഭാഗമായി പ്രതിമാസം 8000/- രൂപ മരുന്നിന് ആവശ്യമാണ് എന്നും ,ടി ഓപ്പറേഷനുമായി ബന്ധപ്പെട്ട് പുറമെ നിന്നും ടെസ്റ്റുകളും ,മരുന്നുകളും വാങ്ങിയ വകയിൽ ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ 36781/-രൂപ ആയിട്ടുണ്ട് എന്നും കുടുംബത്തിൽ നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും, ആയതിനാൽ കുട്ടിയുടെ തുടർ ചികിൽസയും കുടുംബത്തിന്റെ സാമ്പത്തിക സാഹചര്യവും മുൻനിർത്തി കുട്ടിക്ക് ചികിത്സാസഹായമായി 36781/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്ന് തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള തിരുവനന്തപുരം ജില്ലയിൽ പിരപ്പൻകോട്,വേളാവൂരിൽ നന്ദനം വിലാസത്തിൽ ശ്രീ.രാജേഷ്കുമാർ, ശ്രീമതി.മനുജ എന്നീ ദമ്പതികളുടെ മകനായ ശ്രീനന്ദ്.ആർ ന്റെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്ടിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ

ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത 36,781/-രൂപ **(മുപ്പത്തിആറായിരത്തി എഴുനൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുകയായ 36,781/-രൂപ **(മുപ്പത്തിആറായിരത്തി എഴുനൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം )** ബാലനിധി എസ്.ബി.ഐ. ബാങ്ക് അക്കൗണ്ട് ആയ 57044156669 നിന്നും തിരുവനന്തപുരം ജില്ല ശിശുസംരക്ഷണ ഓഫീസറുടെ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് ആയ 701011400000123 ലേക്ക് നൽകേണ്ടതാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസര് ബില്ലുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക കുട്ടിക്ക് കൈമാറേണ്ടതാണ്.

തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ഇൻചാർജ് &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ വനിത ശിശു വികസന ഓഫീസർ,
**തിരുവനന്തപുരം**

പകർപ്പ്

1. ജില്ല ശിശു സംരക്ഷണ ഓഫീസർ, തിരുവനന്തപുരം
2. ICPS 4
3. സ്റ്റോക്ക് ഫയൽ
4. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്